സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 27 2025 ഏപ്രിൽ 03 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മുനമ്പം വിഷയം സർക്കാർ നീട്ടിക്കൊണ്ടുപോവുന്നു; മേശയ്ക്ക് ചുറ്റുമിരുന്ന് തീർക്കാവുന്ന പ്രശ്നം: മുനീർ

തിരു: മേശക്ക് അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് തീർക്കാൻ പറ്റുന്ന പ്രശ്നമാണ് മുനമ്പത്തേതെന്ന് മുസ്ലിം ലീഗ് നേതാവും എംൽഎയുമായ എംകെ മുനീർ. ഇതിൽ സർക്കാർ ഒളിച്ചുകളി നടത്തുന്നുണ്ടെന്നാണ് ഞങ്ങളുടെയൊക്കെ അഭിപ്രായം. വഖഫ് ബോർഡും വകുപ്പ് മന്ത്രിയും ഉണ്ടായിട്ടും ഈ വിഷയം സർക്കാർ എന്തിന് നീട്ടിക്കൊണ്ടുപോവുന്നു എന്ന് വ്യക്തമാക്കണം. അവരെ കുടിയൊഴിപ്പിക്കാൻ ആരും ആഗ്രഹിക്കുന്നില്ല. നിയമസഭക്ക് അകത്ത് സർക്കാർ എടുക്കുന്ന നിലപാട് അവരെ കുടിയൊഴിപ്പിക്കും എന്നാണ്. എന്നാൽ പുറത്ത് പറയുന്നത് നിങ്ങളുടെ കൂടെയാണ് എന്നാണ് ഇരട്ടത്താപ്പ് രാഷ്ട്രീയത്തിനെതിരാണ് ലീഗ്. മുസ്ലിം ലീഗ് എടുക്കുന്ന നിലപാടിനൊപ്പമാണ് കോൺഗ്രസെന്നും എം.കെ മുനീർ പറഞ്ഞു.

കാരണവർ വധക്കേസ്; വിവാദങ്ങൾക്ക് പിന്നാലെ

ഷെറിന്റെ മോചനം മരവിപ്പിച്ചു

തിരു : ഭാസ്കര കാരണവർ വധക്കേസിൽ ഒന്നാം പ്രതി ഷെറിന് ജയിലിൽ തുടരേണ്ടി വരും. ശിക്ഷാ ഇളവ് നൽകി മോചിപ്പിക്കാനുള്ള മന്ത്രിസഭാ തീരുമാനം തൽകാലത്തേക്ക് മരവിപ്പിച്ചു. തീരുമാനത്തിനെതിരെ ഉയർന്ന പ്രതിഷേധവും ഷെറിൻ വീണ്ടും കേസിൽ പ്രതിയായതുമാണ് സർക്കാരിന്റെ മനംമാറ്റത്തിന് കാരണം. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഷെറിന്റെ ശിക്ഷ 14 വർഷമായി ഇളവ് ചെയ്യുകയായിരുന്നു.

ശിക്ഷാ കാലയളവ് 14 വർഷം പൂർത്തിയാക്കിയ സാഹചര്യത്തിലാണ് ഷെറിന് ഇളവ് നൽകാൻ മന്ത്രിസഭ യോഗം തീരുമാനിച്ചത്. മോചനം തടയണമെന്ന് ഗവർണർക്ക് പരാതി ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഗവർണർ വിശദീകരണം ചോദിക്കാൻ സാദ്ധ്യത ഉണ്ടെന്നും സർക്കാരിന് സൂചന ലഭിച്ചു. പിന്നാലെയാണ് ഇപ്പോൾ തീരുമാനം മരവിപ്പിച്ചത്. ഭാസ്കര കാരണവരെ മകന്റെ ഭാര്യയായ ഷെറിൻ 2009 നവംബറിലാണ് കൊലപ്പെടുത്തിയത്.

ഷെറിന്റെ വഴിവിട്ട ബന്ധങ്ങളും പ്രണയങ്ങളും കാരണവർ അറിഞ്ഞതോടെയാണ് കൊലയ്ക്കുള്ള പദ്ധതി തയ്യാറാക്കിയത്. അമേരിക്കയിൽ നിന്ന് നാട്ടിലെത്തിയ കാരണവരെ ഉറക്കത്തിനിടെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയായിരുന്നു. കേസിൽ ഷെറിന് പുറമെ ബാസിത്ത് അലി, നിഥിൻ എന്ന ഉണ്ണി, ഷാനു റഷീദ് എന്നിവരെയും കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചിരുന്നു. 2010 ജൂൺ 11ന് ആണ് കാരണവർ കൊലക്കേസിൽ വിധി വരുന്നത്. ജൂൺ 11നാണ് മാവേലിക്കര അതിവേഗ കോടതി ശിക്ഷിച്ച് ഷെറിൻ പൂജപ്പുര സെൻട്രൽ ജയിലിലെത്തിയത്.

തുടർന്ന് ഇവരെ നെയ്യാറ്റിൻകര വനിതാ ജയിലിലേക്ക് മാറ്റി. അവിടെ മൊബൈൽ ഫോൺ അനധികൃതമായി ഉപയോഗിച്ചെന്ന് കണ്ടെത്തിയതോടെ അച്ചടക്ക നടപടിയുടെ ഭാഗമായി 2015 മാർച്ചിൽ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. അവിടെ വെയിൽ കൊള്ളാതിരിക്കാൻ ഇവർക്കു ജയിൽ ഡോക്ടർ കുട അനുവദിച്ചത് വലിയ വിവാദമായിരുന്നു. കൂടാതെ ജയിൽ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയെന്ന പരാതിയും ഉയർന്നു. 2017 മാർച്ചിൽ തിരുവനന്തപുരം വനിത ജയിലിലേക്ക് മാറ്റി. നിലവിൽ കണ്ണൂർ സെൻട്രൽ ജയിലിലാണ്.

സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന വനിതാ തടവുകാരിൽ പരോൾ നേടുന്ന കാര്യത്തിൽ ഷെറിനായിരുന്നു ഒന്നാം സ്ഥാനത്ത്. 6 വർഷത്തിനിടെ 22 തവണയായി ഇവർക്കു ലഭിച്ചത് 444 ദിവസത്തെ പരോൾ. 2012 മാർച്ചിനും ഈ വർഷം ജനുവരിക്കുമിടയിൽ 345 ദിവസത്തെ സാധാരണ പരോൾ. 2012 ഓഗസ്റ്റ് മുതൽ 2017 ഒക്ടോബർ വരെ 92 ദിവസത്തെ അടിയന്തര പരോൾ. ഹൈക്കോടതിയിൽനിന്ന് ഒരാഴ്ചത്തെ അടിയന്തര പരോൾ കൂടി ലഭിച്ചു.

തടവുകാർക്ക് ശിക്ഷാ ഇളവു നൽകാൻ സംസ്ഥാന സർക്കാർ ഗവർണർക്ക് നൽകിയ ആദ്യ പട്ടികയിലും ഇവർ ഇടം നേടിയിരുന്നു.

മലയാളി സിബിഐ ഇൻസ്പെക്ടറെ പിരിച്ചുവിട്ടു

കൊച്ചി: മലയാളി സിബിഐ ഇൻസ്പെക്ടറെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. കൊൽക്കത്ത യൂണിറ്റിൽ ഇൻസ്പെക്ടറായിരുന്ന എസ് ഉണ്ണികൃഷ്ണൻ നായരെയാണ് പിരിച്ചുവിട്ടത്. കൊച്ചി, തിരുവനന്തപുരം യൂണിറ്റുകളിൽ ഉദ്യോഗസ്ഥനായിരുന്നു ഉണ്ണികൃഷ്ണൻ നായർ. കൊച്ചി സിബിഐ എസ്പിയായിരുന്ന എസ് ഷൈനിയുടെ ടെലിഫോൺ കോളുകൾ മേലുദ്യോഗസ്ഥരുടെ അറിവോ സമ്മതമോ ഇല്ലാതെ റെക്കോർഡ് ചെയ്തു, കേസ് രേഖകൾ അടക്കം കൈവശം സൂക്ഷിച്ചു തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയാണ് ഉണ്ണികൃഷ്ണനെ പിരിച്ചുവിട്ടത്. പാലക്കാട് സമ്പത്തിന്റെ കസ്റ്റഡി മരണക്കേസ് അടക്കം ഉണ്ണികൃഷ്ണൻ നായർ അന്വേഷിച്ചിട്ടുണ്ട്. സസ്പെൻഷനിൽ ആയിരുന്ന കാലത്തെ യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകില്ലെന്ന് പിരിച്ചുവിടൽ ഉത്തരവിൽ പറയുന്നു.

യുഎസിന്റെ പകരച്ചുങ്കം; റഷ്യയെ ഒഴിവാക്കി ഡൊണാൾഡ് ട്രംപ്, കാരണം ഇതാണ്

വാഷിങ്ടൺ: ബുധനാഴ്ചയാണ് ഉയർന്ന തീരുവ ചുമത്തുന്ന രാജ്യങ്ങൾക്കുള്ള യുഎസിന്റെ പകരച്ചുങ്കം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചത്. യുഎസിലേക്ക് ഇറക്കുമതി ചെയ്യുന്ന എല്ലാ വസ്തുക്കൾക്കും 10 ശതമാനത്തോളം അധിക നിരക്കുകളാണ് പ്രഖ്യാപിച്ചത്. വൈറ്റ്ഹൗസിലെ റോസ് ഗാർഡനിൽ നടത്തിയ പ്രസംഗത്തിൽ ഡൊണാൾഡ് ട്രംപ് പകരച്ചുങ്കത്തിന്റെ പട്ടികയും പ്രദർശിപ്പിച്ചു.

പകരച്ചുങ്കത്തിന് വിധേയമാകുന്ന എല്ലാ രാജ്യങ്ങളുടേയും പട്ടിക ലോകത്തിന് മുന്നിൽ അവതരിപ്പിച്ചുവെങ്കിലും ആ പട്ടികയിൽ റഷ്യയുടെ പേര് ഇല്ലായിരുന്നു. റഷ്യയ്ക്കുമേലുള്ള യുഎസിന്റെ ഉപരോധങ്ങൾ ഇതിനകം തന്നെ റഷ്യയുമായുള്ള വ്യാപാരത്തെ തടയുന്നുണ്ടെന്ന കാരണത്താലാണ് ഈ പട്ടികയിൽനിന്ന് റഷ്യ ഒഴിവാക്കപ്പെട്ടതെന്ന് യുഎസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞതായി ആക്സിയോസ് കോം റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ, ഇതൊരു മതിയായ കാരണമല്ലെന്ന വിലയിരുത്തലുണ്ട്. ട്രംപിന്റെ നികുതി പട്ടികയിൽ ഉൾപ്പെട്ട മൗറീഷ്യസ്, ബ്രൂണേ പോലുള്ള രാജ്യങ്ങളിൽ നിന്നുള്ളതിനേക്കാൾ കൂടുതൽ കച്ചവടം യുഎസും റഷ്യയും തമ്മിൽ നടക്കുന്നുണ്ട്. എന്നിട്ടും റഷ്യയെ പകരച്ചുങ്കത്തിൽനിന്ന് ട്രംപ് ഒഴിവാക്കി.

ക്യൂബ, ബെലാറുസ്, ഉത്തരകൊറിയ തുടങ്ങിയ രാജ്യങ്ങളും പട്ടികയിലില്ല. ഈ രാജ്യങ്ങൾക്ക് മേൽ നിലവിൽ ചുമത്തിവരുന്ന ചുങ്കവും ഉപരോധങ്ങളും തന്നെ ധാരാളമാണെന്നതിനാലാണ് അവയെ ഒഴിവാക്കിയത്. യുക്രൈൻ–റഷ്യ യുദ്ധം അവസാനിപ്പിക്കുന്നതിനായി മധ്യസ്ഥ ചർച്ച നടത്തുന്ന യുഎസിനോട് ഉപരോധങ്ങളിൽ ചിലത് നീക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്ന് റിപ്പോർട്ടുകളുണ്ട്. എന്നാൽ റഷ്യയ്ക്കുമേൽ സെക്കൻഡറി താരിഫ് ചുമത്തുമെന്ന് പറഞ്ഞ് ട്രംപ് അടുത്തിടെ ഭീഷണി മുഴക്കുകയും ചെയ്തിരുന്നു.

'പ്രതിഫലം ഒന്നരക്കോടി, ഇനിയും 80 ലക്ഷം കിട്ടാനുണ്ട്'; ദിലീപിനെതിരെ പൾസർ സുനി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ വെളിപ്പെടുത്തലുമായി മുഖ്യപ്രതി പൾസർ സുനി. ഒരു ചാനൽ നടത്തിയ സ്റ്റിംഗ് ഓപ്പറേഷനിലാണ് പ്രതി വെളിപ്പെടുത്തൽ നടത്തിയത്. നടിയെ ആക്രമിക്കാൻ ക്വട്ടേഷൻ നൽകിയത് നടനും കേസിലെ പ്രതിയുമായ ദിലീപ് ആണെന്നാണ് പൾസർ സുനിയുടെ വെളിപ്പെടുത്തൽ. ക്വട്ടേഷൻ തുകയായി ഒന്നരക്കോടി രൂപയാണ് പ്രതിഫലമായി ദിലീപ് വാഗ്ദാനം ചെയ്തതെന്നും പൾസർ സുനി പറയുന്നു. മുഴുവൻ തുകയും കിട്ടിയില്ലെന്നും തനിക്ക് ഇനിയും 80 ലക്ഷം രൂപ കിട്ടാനുണ്ടെന്നും ആവശ്യം വരുമ്പോൾ പലപ്പോഴായി താൻ ദിലീപിൽ നിന്നും പണം വാങ്ങിയെന്നും സുനി വ്യക്തമാക്കി.

2017 ഫെബ്രുവരി 17ന് തൃശൂരിൽ നിന്ന് എറണാകുളത്തെ ലൊക്കേഷനിലേക്കുള്ള യാത്രാമദ്ധ്യേയാണ് യുവനടി ആക്രമിക്കപ്പെട്ടത്. കൃത്രിമ വാഹനാപകടം സൃഷ്ടിച്ചാണ് സുനിയും സംഘവും നടിയുടെ വാഹനത്തിൽ കയറിപ്പറ്റിയത്. നടിയെ കൂട്ടിക്കൊണ്ടുവരാൻ നിയോഗിച്ച ഡ്രൈവർ മൻട്ടിനും അക്രമികൾക്ക് കൂട്ടുനിന്നു. കൊച്ചി മേഖലയിൽ നടിയുമായി ഒരു മണിക്കൂറിലധികം കറങ്ങി ക്രൂരമായി പീഡിപ്പിച്ചു. ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി.

ഒടുവിൽ വാഹനം ഉപേക്ഷിച്ച് കടന്നു. കേസുമായി നടി സധൈര്യം മുന്നോട്ടുപോയതോടെയാണ് പ്രതികൾ കുടുങ്ങിയത്. സുനി എറണാകുളത്തെ കോടതിയിൽ കീഴടങ്ങാനെത്തിയപ്പോൾ പൊലീസ് നാടകീയമായി പിടികൂടി. കോടതി ഹാളിലേക്ക് ഓടിക്കയറിയപ്പോഴാണ് ഇൻസ്പെക്ടർ അനന്തലാലിന്റെ നേതൃത്വത്തിൽ കീഴ്പ്പെടുത്തിയത്. ആഴ്ചകൾക്കു ശേഷമാണ് ക്വട്ടേഷനിൽ നടൻ ദിലീപിനുള്ള പങ്കിനെക്കുറിച്ച് പൊലീസിന് സൂചന ലഭിച്ചത്. 2017 ജൂലായ് 10ന് ദിലീപ് അറസ്റ്റിലായി. 86 ദിവസം ജയിലിൽ കഴിഞ്ഞ ശേഷം ദിലീപിന് ജാമ്യം ലഭിച്ചു. നടൻ ദിലീപ് ഉൾപ്പടെ ഒമ്പത് പ്രതികളാണ് കേസിലുള്ളത്. എട്ടാം പ്രതിയാണ് ദിലീപ്. കഴിഞ്ഞ സെപ്തംബറിൽ കർശനവ്യവസ്ഥകളോടെ വിചാരണക്കോടതി പൾസർ സുനിയ്ക്ക് ജാമ്യം അനുവദിച്ചിരുന്നു.

'യൂദാസിനെപോലെ ക്രൈസ്തവരെ ഒറ്റിക്കൊടുത്തയാൾ'; ജോർജ് കുര്യനെ വിമർശിച്ച് ജോൺ ബ്രിട്ടാസ്

ന്യൂഡൽഹി: കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനെ യൂദാസിനോട് ഉപമിച്ച് കേരളത്തിൽ നിന്നുള്ള ജോൺ ബ്രിട്ടാസ് എംപി. യൂദാസിനെ പോലെ 30 വെള്ളിക്കാശിന് ക്രൈസ്തവരെ ഒറ്റിക്കൊടുത്ത വിദ്വാനാണ് ജോർജ് കുര്യൻ എന്നും ഇദ്ദേഹമാണ് ഇപ്പോൾ ക്രൈസ്തവർക്ക് വേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നതെന്നുമായിരുന്നു ജോൺ ബ്രിട്ടാസ് കുറ്റപ്പെടുത്തിയത്.

വഖഫ് വിഷയത്തിൽ സുരേഷ് ഗോപിയും ജോർജ് കുര്യനും സ്വീകരിച്ച നിലപാടിനെ ജോൺ ബ്രിട്ടാസ് രൂക്ഷമായി വിമർശിച്ചു. ബൈബിളിൽ ഒരു വാക്യമുണ്ട്, അവർ എന്താണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ലെന്ന്. അതുപോലെയാണ് കേരളത്തിൽ നിന്നുള്ള എംപിമാരായ സുരേഷ് ഗോപിയും ജോർജ് കുര്യനും. അവർ എന്താണ് പാർലമെന്റിൽ പറയുന്നതെന്ന് അവർക്ക് തന്നെ അറിയില്ല.

കേരള നിയമസഭയിൽ പാസാക്കിയ പ്രമേയം അറബിക്കടലിൽ വലിച്ചെറിയുമെന്നുള്ള സുരേഷ് ഗോപിയുടെ പ്രസ്താവനയെയും ജോൺ ബ്രിട്ടാസ് വിമർശിച്ചു. സുരേഷ് ഗോപി പറഞ്ഞത് പോലെയാണെങ്കിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പാസാക്കുന്ന പ്രമേയങ്ങൾ അറബിക്കടലിലോ ഗംഗയിലോ യമുനയിലോ എറിയുമോ? ഒരു മന്ത്രി ഉപയോഗിക്കേണ്ട ഭാഷയല്ല ഇതെന്നും ജോൺ ബ്രിട്ടാസ് കുറ്റപ്പെടുത്തി.

എമ്പുരാൻ വിഷയത്തിൽ മന്ത്രി ജോർജ് കുര്യൻ സ്വീകരിച്ച നിലപാടിനേയും ബ്രിട്ടാസ് വിമർശിച്ചു. 'എമ്പുരാൻ സിനിമ വിഷയം രാജ്യസഭയിൽ ഉന്നയിച്ചപ്പോൾ ഒരു മന്ത്രി ഏഴുന്നേറ്റുനിന്ന് പറഞ്ഞത് ആ സിനിമ കുരിശിന് എതിരാണെന്നും ക്രിസ്ത്യാനിറ്റിക്ക് എതിരാണെന്നുമാണ്. യൂദാസിനെ പോലെ 30 വെള്ളിക്കാശിന് ക്രൈസ്തവ സമൂഹത്തെ ഒറ്റിക്കൊടുത്തിട്ട് ബിജെപിയുടെ കൂടെ നിൽക്കുന്ന വിദ്വാനാണ് ക്രൈസ്തവർക്ക് വേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നത്. ഈ കാപട്യമൊക്കെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ജോൺ ബ്രിട്ടാസ് പറഞ്ഞു.

വിവാഹമോചനത്തിന് അപേക്ഷ നൽകി നടി രന്യയുടെ ഭർത്താവ്

ബംഗളൂരു: സ്വർണക്കടത്ത് കേസിൽ അറസ്റ്റിലായ കന്നഡ നടി രന്യ റാവുവിന്റെ ഭർത്താവ് ജതിൻ ഹുക്കേരി വിവാഹമോചനത്തിനായി അപേക്ഷ നൽകിയതായി റിപ്പോർട്ട്. കഴിഞ്ഞദിവസം നടന്ന വാർത്താസമ്മേളനത്തിൽ വിവാഹമോചനം തേടാൻ ഒരുങ്ങുകയാണെന്ന് ജതിൻ വെളിപ്പെടുത്തിയിരുന്നു. 'വിവാഹം കഴിച്ച നാൾ മുതൽ ദുഃഖവും ദുരിതവും സഹിക്കുകയാണ്. ഇന്ന് വിവാഹമോചനത്തിനായി അപേക്ഷിക്കാനുള്ള തീരുമാനം ഞാൻ എടുത്തു'– എന്നായിരുന്നു വാർത്താസമ്മേളനത്തിൽ ജതിൻ പറഞ്ഞത്.

ജതിൻ ഹുക്കേരി ആർക്കിടെക്ട് ആണ്. ബംഗളൂരുവിലെ താജ് വെസ്റ്റ് എൻഡിൽ നടന്ന ആഡംബര ചടങ്ങിൽ കഴിഞ്ഞ നവംബറിലായിരുന്നു ജതിന്റെയും രന്യയുടെയും വിവാഹം. തുടർന്ന് ഇരുവരും ബംഗളൂരുവിൽ താമസമായി. കുറച്ച് നാളുകളായി ഇരുവരും തമ്മിൽ സ്വരചേർച്ചയിൽ അല്ലായിരുന്നുവെന്നാണ് അടുത്ത വൃത്തങ്ങൾ പറയുന്നത്. അതേസമയം, രന്യ റാവുവിന്റെ ജാമ്യാപേക്ഷ മൂന്നാമത്തെ തവണയും കോടതി തള്ളിയിരിക്കുകയാണ്.

പകരച്ചുങ്കത്തിൽ യുഎസിനെതിരേ ഒന്നും പറഞ്ഞില്ല, നാണംകെട്ട് കീഴടങ്ങി–മോദിയെ വിമർശിച്ച് പ്രകാശ് കാരാട്ട്

മധുര: പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയ്ക്ക് മുൻപിൽ നാണംകെട്ട് കീഴടങ്ങിയെന്ന് പൊളിറ്റ് ബ്യൂറോ കോഡിനേറ്റർ പ്രകാശ് കാരാട്ട്. അമേരിക്ക നടപ്പാക്കിയ അധിക തീരുവയ്ക്കെതിരേ ഒരു വാക്കു പോലും മോദി സംസാരിച്ചില്ലെന്നും അദ്ദേഹം വിമർശിച്ചു.

അമേരിക്ക പകരച്ചുങ്കം ഏർപ്പെടുത്തിയ പല രാജ്യങ്ങളിലെയും നേതാക്കന്മാർ പ്രതിഷേധം അറിയിച്ചു. എന്നാൽ നമ്മുടെ പ്രധാനമന്ത്രിയോ സർക്കാരോ ഒരുവാക്കു കൊണ്ടു പോലും പ്രതിഷേധിച്ചില്ല. അമേരിക്കയ്ക്ക് മുൻപാകെ നരേന്ദ്ര മോദിയുടെയും അദ്ദേഹത്തിന്റെ സർക്കാരിന്റെയും നാണംകെട്ട കീഴടങ്ങലാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിൽനിന്ന് അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് 26 ശതമാനമാണ് ട്രംപ് പകരച്ചുങ്കം ചുമത്തിയിരിക്കുന്നത്. വിവിധ രാജ്യങ്ങൾ യുഎസിന് മേൽ ചുമത്തുന്ന ചുങ്കവും തിരിച്ച് യുഎസ് ചുമത്തുന്ന ചുങ്കവും ഉൾപ്പെട്ട പട്ടിക ബുധനാഴ്ചയാണ് ട്രംപ് വൈറ്റ് ഹൗസിൽ പുറത്തുവിട്ടത്. തീരുവയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇന്ത്യയുമായി ഇടപെടാൻ വളരെ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ ട്രംപ്, യുഎസ് ഉത്പന്നങ്ങൾക്കുമേൽ ഇന്ത്യ 52 ശതമാനം തീരുവയാണ് ചുമത്തുന്നതെന്നും കൂട്ടിച്ചേർത്തിരുന്നു.

കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ബിജെപി ശ്രമം; വഖഫ് ഭേദഗതി ബില്ലിനെതിരേ പി. രാജീവ്

മധുര: വഖഫ് ഭേദഗതി ബില്ലിനെതിരേ മന്ത്രി പി. രാജീവ്. മുനമ്പം വിഷയം പരിഹരിക്കാൻ ബില്ല് കൊണ്ടുവന്നു എന്ന രീതിയിലാണ് കേരളത്തിലെ ചർച്ചകളെന്ന് അദ്ദേഹം പറഞ്ഞു. കലക്കവെള്ളത്തിൽ മീൻപിടിക്കാനാണ് ബിജെപി ശ്രമിക്കുന്നതെന്നും അദ്ദേഹം വിമർശിച്ചു.

മുനമ്പത്തുള്ളവരുടേത് ജീവിതപ്രശ്നമാണെന്നും അവരുടെ പ്രശ്നം വളരെ ന്യായമാണെന്നും മന്ത്രി പറഞ്ഞു. അതിൽ കുറച്ച് സങ്കീർണതകളുള്ളതുകൊണ്ടാണ് സർക്കാർ അത് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചത്. അങ്ങനെ പരിശോധിക്കാൻ പോലും സർക്കാരിന് അവകാശമില്ലെന്ന മട്ടിലാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധി വന്നത്. അതിനെതിരേ സർക്കാർ ഇപ്പോൾ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ കൊടുത്തിരിക്കുകയാണ്.–രാജീവ്

കൂട്ടിച്ചേർത്തു. ബുധനാഴ്ച ലോക്സഭ പാസാക്കിയ വഖഫ് ഭേദഗതി ബിൽ ഇന്ന് ഉച്ചയ്ക്ക് ഒരുമണിയോടെ രാജ്യസഭയിൽ അവതരിപ്പിക്കും.

ട്രാൻ. ബസിടിച്ച് കാൽനടയാത്രക്കാരൻ മരിച്ചു

ഇടുക്കി: നിയന്ത്രണം വിട്ട കെ എസ് ആർ ടി സി ബസ്സിടിച്ച് കാൽനട യാത്രക്കാരൻ മരിച്ചു. പാമ്പനാർ സ്വദേശി സ്റ്റാൻസിലോസ് (70) ആണ് മരിച്ചത്. കുമളിയിൽ നിന്നും തിരുവനന്തപുരത്തേക്ക് പോയ ബസാണ് അപകടത്തിൽ പെട്ടത്.

കാണാതായ നിയമ വിദ്യാർത്ഥിയുടെ മൃതദേഹം ആലുവ പുഴയിൽ കണ്ടെത്തി

കൊച്ചി: ആലുവയിൽ കാണാതായ നിയമ വിദ്യാർത്ഥിയുടെ മൃതദേഹം പുഴയിൽ നിന്നും കണ്ടെത്തി. എടത്തല മണിമുക്കിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ എൽഎൽബി വിദ്യാർത്ഥിയും തിരുവനന്തപുരം സ്വദേശിയുമായ അതുൽ ഷാബുവിന്റെ മൃതദേഹമാണ് ഉളിയന്നൂരിലെ സ്കൂബാ ടീം കണ്ടെത്തിയത്.

മണലി മുക്കിൽ ബന്ധുവിനൊപ്പം വാടകയ്ക്ക് താമസിക്കുന്ന അതുലിനെ ഇന്നലെ മുതലാണ് കണാതായത്. ഇതിനിടെ ആലുവ മാർത്താണ്ഡവർമ പാലത്തിൽ നിന്നും ഒരാൾ പുഴയിലേക്ക് ചാടിയെന്ന് ആരോ പൊലീസിൽ വിവരം നൽകി. തുടർന്ന് നടത്തിയ പരിശോധനയിൽ ഒരു ബൈക്കും മൊബൈൽ ഫോണും കണ്ടെത്തി. ഇത് അതുലിന്റേതാണ് ബന്ധു തിരിച്ചറിഞ്ഞു. ഇതോടെ ആലുവ പുഴയിൽ സ്കൂബാ ടീം എത്തി തെരച്ചിൽ നടത്തുകയായിരുന്നു.

ഗുജറാത്തിൽ വ്യോമസേന വിമാനം തകർന്നുവീണു, പൈലറ്റിന് ദാരുണാന്ത്യം

ജാംനഗർ: ഗുജറാത്തിലെ ജാംനഗറിൽ വ്യോമസേനയുടെ യുദ്ധവിമാനം തകർന്ന് വീണ് പൈലറ്റിന് ദാരുണാന്ത്യം. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. ബുധനാഴ്ച രാത്രിയാണ് സംഭവം.

സുവാർദ ഗ്രാമത്തിലെ തുറന്ന പ്രദേശത്ത് ജാഗ്വർ യുദ്ധവിമാനം തകർന്നുവീഴുകയായിരുന്നു. ജാംനഗർ നഗരത്തിൽനിന്ന് 12 കിലോമീറ്റർ ദൂരത്താണ് ഈ പ്രദേശം. തകർന്നുവീണതിന് പിന്നാലെ വിമാനത്തിന് തീപ്പിടിച്ചു.

ഒരു പൈലറ്റ് മരണപ്പെട്ടെന്നും മറ്റൊരാൾ ചികിത്സയിൽ തുടരുകയാണെന്നും വ്യോമസേന 'എക്സി'ൽ കുറിച്ചു. പൈലറ്റിന് സാങ്കേതികതകരാർ അഭിമുഖീകരിക്കേണ്ടിവന്നതായും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും വ്യോമസേന അറിയിച്ചു.

കഴിഞ്ഞമാസം ഹരിയാണയിലെ പഞ്ചുകുല ജില്ലയിൽ വ്യോമസേനയുടെ യുദ്ധവിമാനം തകർന്നുവീണിരുന്നു. വിമാനത്തിലെ പൈലറ്റ് പാരച്യൂട്ട് ഉപയോഗിച്ച് രക്ഷപ്പെട്ടു. പതിവ് പരിശീലന പറക്കലിന്റെ ഭാഗമായി അംബാല വ്യോമത്താവളത്തിൽ നിന്ന് പറന്നുയർന്ന ജാഗ്വർ യുദ്ധവിമാനമാണ് തകർന്നത്.

കൃതജ്ഞത

ചിറയത്ത് മാണിയാക്കു അന്തോണി മകൻ
പോൾ (84)
പുതുക്കാട്

എന്റെ പ്രിയ ഭർത്താവ് ചിറയത്ത് മാണിയാക്കു അന്തോണി മകൻ പോൾ (84) ന്റെ നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ നടന്ന സംസ്കാര ചടങ്ങുകളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, വൈദീക ശ്രേഷ്ഠർ, കന്യാസ്ത്രീകൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായികൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

എന്ന്, ദുഃഖസ്മരണകളോടെ
ഭാര്യ: തോലത്ത് ബേബി പോൾ
മക്കൾ: ജോബി പോൾ, ജോഫി തോമസ്, ജിഷ ഷിബു, ഹണി സോണി
മരുമക്കൾ: മിനി തേലപ്പിള്ളി, തോമസ് മാമ്പിള്ളി, ഷിബു മാളിയേക്കൽ, സോണി പാണേക്കാട്ട്

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

ആദരാഞ്ജലികൾ

ചിറയത്ത് മാണിയാക്കു അന്തോണി മകൻ
പോൾ (84)
മാനേജിംഗ് ഡയറക്ടർ
ദി പബ്ലിക്ക് ഫണ്ട് ലിമിറ്റഡ്

ഡയറക്ടേഴ്സ് & സ്റ്റാഫ്
ദി പബ്ലിക്ക് ഫണ്ട് ലിമിറ്റഡ്
പുതുക്കാട്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശ്ശൂർ സി എച്ച് സെന്റർ, ദുബായ് ഫ്ളോറ ക്രീക്ക് ഹോട്ടലിൽ സംഘടിപ്പിച്ച സുഹൃത് സംഗമം ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ഗ്ലോബൽ ഓപ്പറേഷൻ ഡയറക്ടർ സലീം എം എ ഉദ്ഘാടനം ചെയ്യുന്നു.

മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് ദേശീയ പുരസ്കാരം നേടി കേരളം

തൃശൂർ: കേരളത്തിന് മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. ആകെ 87,330 പേർക്കാണ് പരിശോധന നടത്തിയത്. അതിൽ 71,238 പേർക്കും ആധുനിക മോളിക്യൂലർ പരിശോധനായ സി.ബി.നാറ്റ്, ട്രൂനാറ്റ് പരിശോധനകൾ നടത്താനായി. 18 ശതമാനം പേർക്ക് മാത്രമാണ് പഴയരീതിയിലുള്ള മൈക്രോസ്കോപ്പ് പരിശോധന നടത്തിയത്. അതേസമയം സംസ്ഥാനത്തെ നാറ്റ് പരിശോധന ശരാശരി 82 ശതമാനമാണ്. മാത്രമല്ല 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ നൽകാനുമായി. ഇതിനുള്ള അംഗീകാരമായാണ് കേരളത്തിന് ദേശീയ പുരസ്കാരം ലഭിച്ചത്.

ആരോഗ്യ മന്ത്രി വീണാ ജോർജുമായി കഴിഞ്ഞ ദിവസം നടത്തിയ കൂടിക്കാഴ്ചയിൽ കേരളം നടത്തുന്ന ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളെ കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ജെ പി നഡ്ഡ അഭിനന്ദിച്ചു. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ മേഖലയോടൊപ്പം സ്വകാര്യ മേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2024ൽ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്. ഇതിലൂടെ പ്രിസന്റീവ് ടിബി എക്സാമിനേഷൻ നിരക്ക് വർഷത്തിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1500ൽ നിന്ന് 2201 ആയി ഉയർത്താനായി. ഈ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം വ്യക്തികളെ മാപ്പ് ചെയ്തു. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 1,98,101 പേർക്ക് വിശദ പരിശോധന നടത്തി.

പാലിയേക്കര ടോൾ അടിപ്പാത നിർമ്മാണം;

ടോൾ പിരിവ് നിർത്തിവെക്കാൻ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം ഉപയോഗിക്കണം: അഡ്വ.ജോസഫ് ടാജറ്റ്

തൃശൂർ: മണ്ണുത്തി -അങ്കമാലി -ഇടപ്പള്ളി ദേശീയ പാതയിലെ അടിപ്പാത നിർമാണത്തെ തുടർന്നുള്ള രൂക്ഷമായ ഗതാഗതം തുടരുന്ന സാഹചര്യത്തിൽ ടോൾ പിരിവ് നിർത്തിവെക്കാൻ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം ഉപയോഗിക്കാൻ ജില്ലാ കളക്ടർ തയ്യാറാകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവും ഡി സി സി പ്രസിഡന്റുമായ അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. അല്ലെങ്കിൽ ടോൾ പിരിവ് നിർത്തിവെക്കാൻ സംസ്ഥാന സർക്കാർ എൻ എച്ച് എ ഐ അധികാരികളോട് ആവശ്യപ്പെടണം. ഇതിനു മുൻപ് പല സാഹചര്യങ്ങളിലും ടോൾ പ്ലാസയിൽ രൂക്ഷമായി ഗതാഗത കുരുക്ക് ഉണ്ടായപ്പോൾ ജില്ലാ കളക്ടർമാർ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം വിനിയോഗിച്ചിട്ടുണ്ട്. സാങ്കേതികമായി എന്തെങ്കിലും ഇനി തടസ്സങ്ങളുണ്ടെങ്കിൽ സംസ്ഥാന സർക്കാർ ജനങ്ങളുടെ ഉത്തരവാദിത്വത്തെ പ്രതി പ്രത്യേക അധികാരം ഉപയോഗിക്കണം. അവശ്യ ഘട്ടത്തിൽ ടോൾ പിരിവ് സസ്പെന്റ് ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഈ ആവശ്യം ഉന്നയിച്ച് ജില്ലാ കളക്ടർക്കും, പൊതുമരാമത്ത് മന്ത്രി, സെക്രട്ടറി, എൻ എച്ച് എ ഐ പ്രൊജക്റ്റ് ഡയറക്ടർ എന്നിവർക്ക് കത്ത് നൽകി. ജനങ്ങളുടെ നിരന്തരമായ ആവശ്യത്തെ പ്രതിയും സുരക്ഷാ ഓഡിറ്റിന്റെ അടിസ്ഥാനത്തിലും അപകട സുരക്ഷയെ കരുതിയാണ് അടിപ്പാത നിർമ്മാണം ആരംഭിച്ചത്. ഓഡിറ്റിൽ പറയുന്ന ബ്ലാക്ക്സ്പോട്ടുകളിലും നിരവധി കവലകളിലും ഓഡിറ്റിൽ പറയുന്ന പ്രവർത്തനങ്ങൾ ഇനിയും അനുവദിക്കാനുണ്ട്. ഇത്തരം സമയങ്ങളിലൊക്കെ രൂക്ഷമായ ഗതാഗത കുരുക്ക് സ്വഭാവികമാണ്. നീണ്ട കാലയളവിൽ യാത്രക്കാരുടെ സുഗമവും സുരക്ഷിതവുമായ യാത്രക്ക് ഭംഗം സംഭവിക്കുന്നു.ഇത് കരാർ നിബന്ധനകളുടെ ലംഘനമാണ്. ടോൾ നിരക്ക് പൂർണ്ണമായി കരാർ കമ്പനി ഈ ടാക്കുകയും എന്നാൽ സൗകര്യങ്ങൾ കമ്പനി നൽകാതിരിക്കുകയും ചെയ്യുന്നത് യാത്രക്കാരെ വഞ്ചിക്കയുകയാണ്. നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കാതെ ടോൾ നിരക്ക് ഉയർത്തിയത് സംബന്ധിച്ച് തങ്ങൾ ബഹു കേരള ഹൈകോടതിയിൽ നൽകിയ WP(C) 28609/23 കേസ് ഏപ്രിൽ 4ന് വെച്ചിട്ടുണ്ട്. ഈ കാര്യം കൂടി ബഹു കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരും.

റോഡുകൾ പൊട്ടിപൊളിഞ്ഞതിനാലും നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാലും ജമ്മു കശ്മീർ ഹൈക്കോടതി WP(C) PIL No.12/2023 ൽ 20% ടോൾ നിരക്ക് മാത്രമേ ഈടാക്കാവു എന്ന് ടോൾ കമ്പനിക്കെതിരെ വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

ഇത്തരം സാഹചര്യം തന്നെയാണ് ദേശീയ പാതയിൽ നിലവിലുള്ളത്. ഈ കാര്യം സംസ്ഥാന സർക്കാരിന് ഹൈക്കോടതിയിൽ ബോധിപ്പിക്കാവുന്നതാണ്.

ചിത്രകലാ ക്യാമ്പ്

തൃശ്ശൂർ: പ്രസ് ക്ലബ്ബും ചിത്രകലാ പരിഷത്തുമായി ചേർന്ന് മാധ്യമ പ്രവർത്തകരുടെ മക്കൾക്ക് ചിത്രകലാ ക്യാമ്പ് പ്രസ് ക്ലബ്ബിൽ വച്ച് നടത്തുന്നു. ഏപ്രിൽ 5 മുതൽ ഏപ്രിൽ 11വരെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ് ക്യാമ്പ് നടക്കുന്നത്. താത്പര്യമുള്ളവർ ഏപ്രിൽ 4നകം പ്രസ് ക്ലബ്ബിൽ പേരുകൾ നൽകണം.

പൂജ്യശ്രീ രമണചരണ തീർത്ഥ സ്വാമികളുടെ പ്രഭാഷണം നാളെ

ഇരിഞ്ഞാലക്കുട :പൂർവ്വാശ്രമത്തിൽ നൊച്ചൂർ വെങ്കിട്ടരാമൻ എന്നറിയപ്പെട്ടിരുന്ന പൂജ്യശ്രീ രമണചരണ തീർത്ഥ സ്വാമികളുടെ പ്രഭാഷണം ശ്രീ സംഗമധർമ്മ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. ഏപ്രിൽ 4ന് വെള്ളിയാഴ്ച ശ്രീ കൂടൽമാണിക്യീ ക്ഷേത്രത്തിലെ കിഴക്കേ നടപ്പുരയിൽ രാവിലെ 8.30നാണ് പ്രഭാഷണം നടക്കുക. സന്ന്യാസം സ്വീകരിച്ചതിനു ശേഷം കൂടൽമാണിക്യത്തിൽ ദർശനത്തിന് ആദ്യമായി വരുന്ന സ്വാമികളുടെ ഭഗവത്ഗീതായജ്ഞം അനേകം തവണ ക്ഷേത്രത്തിൽ നടന്നിട്ടുണ്ട്.

അമലയിൽ ഓട്ടിസം ബോധവൽക്കരണം

അമലനഗർ: അമല മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഓട്ടിസം മാസാചരണത്തിന്റെ ഭാഗമായി നടത്തിയ ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനം ജോയിൻറ് ഡയറക്ടർ ഫാ.ഡെൽജോ പുത്തൂർ നിർവ്വഹിച്ചു. ഐ.എ.പി. തൃശ്ശൂർ ബ്രാഞ്ച് പ്രസിഡൻറ് ഡോ.എ.കെ. ഇട്ടൂപ്പ്, അമല മെഡിക്കൽ കോളേജ് പ്രിൻസിപ്പൾ ഡോ.ബെറ്റ്സി തോമസ്, സി.ഡി.സി. വിഭാഗം മേധാവി ഡോ.പാർവ്വതി മോഹൻ, പീഡിയാട്രിക് മേധാവി ഡോ.കല്ല്യാണി പിള്ള, അസോസിയേറ്റ് പ്രൊഫസ്സർ ഡോ.റിയ ലൂക്കോസ്, ഓട്ടിസം ചികിത്സാവിദഗ്ദരായിട്ടുള്ള ഡോ. സന്തോഷ് എബ്രഹാം, ഡോ. സോണിയ ദാനിയേൽ, ഡോ. ഇ.എ. ജവഹർ എന്നിവർ പ്രസംഗിച്ചു.

കിഴുപ്പിള്ളിക്കര ഗവൺമെന്റ് നളന്ദ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണോദ്ഘാടനം നടത്തി

ഇരിങ്ങാലക്കുട: കിഴുപ്പിള്ളിക്കര ഗവൺമെന്റ് നളന്ദ ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിട നിർമാണോദ്ഘാടനം സി സി മുകുന്ദൻ എം എൽ എ നിർവഹിച്ചു. കിഫ്ബി ഫണ്ടായ ഒരു കോടി 30 ലക്ഷം രൂപ ഉപയോഗിച്ച് കിലയുടെ പി എം യു സഹകരണത്തോടെയാണ് കെട്ടിടം നിർമിക്കുന്നത്.

ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ഷീന പറയങ്ങാട്ടിൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. അന്തിക്കാട് ബ്ലോക്ക് പ്രസിഡണ്ട് കെ കെ ശശിധരൻ, താന്ന്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശുഭാ സുരേഷ്, ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീനത്ത് മുഹമ്മദാലി, പഞ്ചായത്ത് മെമ്പർ സി എൽ ജോയ്, പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി ബാലകൃഷ്ണൻ, ടി വി മദനമോഹനൻ, എം കെ ചന്ദ്രൻ, പി കൃഷ്ണനുണ്ണി, എൻ കെ രമേഷ്, വി ആർ സുഗന്ധി, സീനത്ത് പി എ, വി എ അസീസ്, ചന്ദ്രബാബു കെ എസ്, കെ സി ബൈജു, ബിന്ദു രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

ചടങ്ങിൽ എൻ എം എം എസ് ജേതാക്കളായ അസ്സ ഫാത്തിമ, ആഷ്ന ഫാത്തിമ എന്നീ വിദ്യാർത്ഥിനികളെ ആദരിച്ചു.

കളിവീട് – 2025

തൃശൂർ ജവഹർ ബാലഭവൻ അവധികാല ക്ലാസുകൾ 2025 ഏപ്രിൽ 2ന് രാവിലെ 10ന് ഉദ്ഘാടനം ചെയ്തു. കോർപറേഷൻ മേയർ എം.കെ.വർഗീസ് ന്റെ അധ്യക്ഷതയിൽ എം. എൽ. എ പി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു.കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുക എന്നതാണ് ഈ ക്യാമ്പിലൂടെ ഉദ്ദേശിക്കുന്നത്. വീശിഷ്ടസാനിധ്യം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് നിർവഹിച്ചു. ഉദ്ഘാടാനവേദിയിൽ എം.എൽ.എ പി ബാലചന്ദ്രൻ കുട്ടികളുടെ പഠനത്തോടൊപ്പം കലയുടെ പ്രാധാന്യം കുട്ടികളെയും മാതാപിതാക്കളെയും ഉദ്ബോധിപ്പിച്ചു. മുഖ്യഥിതിയായി തൃശൂർ ജില്ലാ കളക്ടർ അർജുൻപണ്ഡിയെൻ കളക്ട നിർവഹിച്ചു. ക്യാമ്പ് അവലോകനം നിർവഹിച്ചത് ജവഹർ ബാലഭവൻ പ്രിൻസിപ്പൽ ഡോ.എ അൻസാർ കെ.എസ്.ഡെപ്യൂട്ടി മേയർ എം. എൽ. റോസി ആശംസകൾ നിർവഹിച്ചു.സ്വാഗതം അഡ്വ.അനീസ് അഹ്മദ് വഹിച്ചു.

ടൈൽ വിരിച്ചതിലെ അപാകതകൾ, വിരിച്ചിട്ടില്ലെന്ന വാദം തള്ളി, 30000 രൂപ നൽകുവാൻ വിധി

തൃശൂർ: ടൈൽ വിരിച്ചതിലെ അപാകതകൾ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി.

തൃശൂർ പഴുവിൽ വെസ്റ്റിലെ തോട്ടുപുര വീട്ടിൽ നന്ദനൻ.ടി.ബി.ഫയൽ ചെയ്ത ഹർജിയിലാണ് കീഴുപ്പുള്ളിക്കരയിലെ വലിയപറമ്പിൽ വീട്ടിൽ വി.ജി.മോഹനനെതിരെ ഇപ്രകാരം വിധിയായത്. നന്ദനൻ ടൈൽ വിരിക്കുന്ന പണികൾ മോഹനനെ ഏൽപ്പിക്കുകയായിരുന്നു. യഥാസമയം പണികൾ പൂർത്തിയാക്കിയില്ലെന്ന് മാത്രമല്ല പണികൾ ചെയ്തതിൽ അപാകതകളുമുണ്ടായിരുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. ടൈൽ വിരി എറ്റെടുത്തിട്ടില്ലെന്നും ടൈൽ വിൽപ്പന നടത്തുക മാത്രമാണ് ചെയ്തതെന്നുമായിരുന്നു എതിർകക്ഷിയുടെ വാദം.എന്നാൽ എതിർവിസ്താരത്തിൽ ടൈൽ വില്പന നടത്തിയത് താനല്ലെന്ന് എതിർകക്ഷി സമ്മതിക്കുകയായിരുന്നു. മറ്റൊരു ടൈൽ ഡിപ്പോയിൽ നിന്ന് ടൈലുകൾ ഹർജിക്കാരന് വാങ്ങിക്കൊടുത്തു എന്നതായി അടുത്ത വാദം. എതിർകക്ഷിയുടെ മൊഴികൾ വിശ്വസനീയമല്ലെന്ന് കോടതി വിലയിരുത്തി.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി. സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് നഷ്ടപരിഹാരമായി 25000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

വാരിയർ സമാജം സമ്മേളനം ലോഗോ പ്രകാശനം ചെയ്തു

ഗുരുവായൂർ: മെയ് 24 , 25 തിയ്യതികളിൽ ഇരിങ്ങാലക്കുടയിൽ നടക്കുന്ന സമസ്ത കേരള വാരിയർ സമാജം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനം അക്ഷയ ഹാളിൽ സമാജം സംസ്ഥാന പ്രസിഡണ്ട് പി.കെ. മോഹൻദാസ് നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി വി.വി. മുരളീധര വാര്യർ, സംസ്ഥാന ട്രഷറർ വി.വി. ഗിരീശൻ, എ.സി. സുരേഷ്, ടി.വി. ശ്രീനിവാസ വാര്യർ, കെ.സുരേഷ് കുമാർ, കെ. ഉണ്ണികൃഷ്ണവാര്യർ തുടങ്ങിയവർ പ്രസംഗിച്ചു.

ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് പട്ടിക റദ്ദാക്കി

തൃശൂർ : വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഭാഗം കക റിക്രൂട്ട്മെന്റ് ബൈ ട്രാൻസ്ഫർ) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 29/2022) റാങ്ക് പട്ടിക റദ്ദാക്കിയതായി കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചു. 10/12/2024 മുതൽ പ്രാബല്യത്തിൽ വന്ന പട്ടികയിലെ ഏക ഉദ്യോഗാർത്ഥിയെ നിയമിച്ചതിനാൽ പട്ടിക 20/03/2025 മുതൽ നിശ്ശേഷമായിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള പി.എ സ്.സി തൃശ്ശൂർ ജില്ലാ ഓഫീസ് പട്ടികയുടെ റദ്ദാക്കൽ വിജ്ഞാപനം പുറപ്പെടുവിച്ചതായി ജില്ലാ ഓഫിസർ അറിയിച്ചു.

ഈദുൽ ഫിത്വർ ദിനത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ

തൃശൂർ : മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്ത് ജുമുഅ: മസ്ജിദിൽ വിശ്വാസികൾ വ്രതശുദ്ധിക്ക് ശേഷം സമുചിതമായി ഈദുൽ ഫിത്വർ ആചരിച്ചു. പ്രാരംഭത്തിൽ ഖതീബ് അബ്ദുൽ കബീർ നിസാമി ലഹരിയുടെ ഉന്മൂലനം കൊണ്ട് മാത്രമേ സമൂഹത്തിൽ തിന്മകൾ കുറക്കുവാൻ കഴിയൂ എന്ന് തന്റെ ഈദ് സന്ദേശത്തിൽ പറഞ്ഞു

പെരുന്നാൾ നിസ്കാരത്തിനും, രണ്ട് അറബി ഖുത്ബ കൾക്കും, കൂട്ട ദുആക്കും, സിയാറത്തിനും ശേഷം ഒരു മാസം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഉദ്ഘാടനം നടന്നു. തുടർന്ന് വിശ്വാസികൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു

ഓട്ടിസം കുട്ടികളോട് ഉൾ ചേർക്കൽ സമീപനം വേണം: മന്ത്രി ഡോ: ആർ. ബിന്ദു

ഇരിങ്ങാലക്കുട: ലോക ഓട്ടിസം ദിനത്തോടനുബന്ധിച്ച് റൺ ഫോർ ഓട്ടിസം എന്ന സന്ദേശം പങ്കു വച്ചു ഇരിങ്ങാലക്കുട നഗരത്തിൽ നടത്തിയ ഓട്ടിസം ദിനാചരണം ശ്രദ്ദേശമായി. ടൗൺ ഹാൾ പരിസരത്ത് ഫ്ളാഷ് മോബോടുകൂടി തുടങ്ങിയ വോക്കത്തോണിന് ഉന്നത വിദ്യാഭ്യാസ-സാമ്യൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ: ആർ. ബിന്ദു ഫ്ളാഗ് ഓഫ് ചെയ്തു.

ഓട്ടിസം ബാധിച്ച കുട്ടികളോട് ഉൾ ചേർക്കൽ സമീപനമുണ്ടാകാൻ സമൂഹം മുന്നോട്ടു വരണമെന്ന് മന്ത്രി പറഞ്ഞു. മുൻപേ കണ്ടെത്തിയാൽ പരിഹരിക്കാൻ കഴിയുന്ന അവസ്ഥയാണ് ഓട്ടിസം, എല്ലാ മെഡിക്കൽ കോളേജുകളിലും ജനറൽ - ജില്ലാ ആശുപത്രികളിലും ഡിറ്റക്ഷൻ സെന്ററുകളുണ്ട്. ഇത് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഡോ. അരുൺ.എസ്. നായർ ഐഎഎസ്, ഇരിങ്ങാലക്കുട നഗരസഭാ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, ജില്ലാ പഞ്ചായത്ത് അംഗം പി.കെ. ഡേവിസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശിവദാസൻ, ക്രൈസ്റ്റ് കോളെജ് പ്രിൻസിപ്പൽ ഫാ. ഡോ. ജോളി ആൻഡ്രൂസ്, സെന്റ് ജോസഫ് കോളെജ് പ്രിൻസിപ്പൽ സി. സിജി.പിഡി, ഇരിങ്ങാലക്കുട കോർപ്പറേറ്റീവ് ആശുപത്രി ചെയർമാൻ എം.പി. ജാക്സൺ എന്നിവർ സംബന്ധിച്ചു.

നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടർ സി. ചന്ദ്രബാബു സ്വാഗതവും റിസർച്ച് കോഡിനേറ്റർ ആൻഡ് ഡയറ്റീഷ്യൻ ആർ. മധുമിത നന്ദിയും ആശംസിച്ചു.

മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങൾ, ഇരിഞ്ഞാലക്കുട പോലീസ്,ക്രൈസ് കോളെജ്, സെന്റ് ജോസഫ് കോളെജ്, പ്രതീക്ഷ ഭവൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ഭിന്നശേഷി കുട്ടികൾക്കുള്ള സമ്മാന വിതരണത്തോടെ അയ്യങ്കാവ് മൈതാനിയിൽ സമാപിച്ചു. ഡിവൈഎസ്പി കെ.ജി. സുരേഷിന്റെ നേതൃത്വത്തിൽ സുരക്ഷാ സന്നാഹവുമൊരുക്കി.

ആയുർവേദ തെറാപ്പി: പഠനവും ആഗോള തൊഴിൽ സാധ്യതകളും സെമിനാറുമായി അസാപ് കേരള

തൃശൂർ: കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ നൈപുണ്യവികസന കേന്ദ്രമായ അസാപ് കേരളയും ശ്രീചിത്ര ആയുർവേദ അക്കാദമിയും സംയുക്തമായി 'ആയുർവേദ തെറാപ്പി: പഠനവും ആഗോള തൊഴിൽ സാധ്യതകളും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. ഏപ്രിൽ 5 ന് രാവിലെ 10.30 ന് തൃശ്ശൂർ, കുന്നംകുളത്തുള്ള അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നടക്കുന്ന സെമിനാറിൽ ആയുർവേദ മേഖലയിലെ അനന്തസാധ്യതകളെക്കുറിച്ചും ആഗോളതലത്തിലെ നിരവധി തൊഴിലവസരങ്ങളെക്കുറിച്ചുമുള്ള വിശദ വിവരങ്ങൾ അറിയാൻ സാധിക്കും. സെമിനാറിൽ പ്രവേശനം സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്കായി 9947797719 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഫാമിലി കൗൺസലർ നിയമനം

തൃശൂർ: ജില്ലാ നിയമ സേവന അതോറിറ്റി തൃശ്ശൂരിൽ ആരംഭിക്കുന്ന സമവായം ഫാമിലി കൗൺസലിംഗ് സ്കീമിൽ ഫാമിലി കൗൺസലർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 1500 രൂപയാണ് ദിവസ വേതനമായി ലഭിക്കുക.

ക്ലിനിക്കൽ കൗൺസിലിംഗ് അല്ലെങ്കിൽ അപ്ലൈഡ് സൈക്കോളജിയിൽ സ്പെഷ്യലൈസേഷനോട് കൂടി ബി.എ/ ബി എസ്.സി. സൈക്കോളജി (ഫുൾടൈം), എം.എ/ എം.എസ്.സി സൈക്കോളജി (ഫുൾടൈം), അല്ലെങ്കിൽ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം (ഫുൾ ടൈം) എന്നീ യോഗ്യതയുള്ള 30 വയസോ അതിന് മുകളിലോ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഫാമിലി കൗൺസലിംഗിൽ പി.ജി സർട്ടിഫിക്കറ്റ്/ ഡിപ്ലോമ ഉള്ളവർക്ക് മുൻഗണന ലഭിക്കും.

ഉദ്യോഗാർത്ഥികൾക്ക് മാനസികാരോഗ്യ സേവനങ്ങൾ നൽകുന്ന ആശുപത്രി/ ക്ലിനിക്കിൽ കുറഞ്ഞത് മൂന്ന് മുതൽ അഞ്ച് വർഷം വരെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. കുടുംബബന്ധങ്ങളിൽ കൗൺസലിംഗ് ചെയ്തു മുൻ പരിചയം ഉള്ളവർക്ക് മുൻഗണന ലഭിക്കും. ഫോൺ: 0487 2363770

കലാസദൻ, വെള്ളി ചിലങ്ക, നൃത്തശില്പ ശാല ആരംഭിച്ചു

തൃശൂർ: കലാസദൻ നൃത്ത വിഭാഗം നടത്തറ കലാസദൻ കോംപ്ലക്സിൽ 10 ദിവസങ്ങളിലായി നടത്തുന്ന വെള്ളി ചിലങ്ക നൃത്തശില്പശാല ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബാബുജെ. കവലക്കാട്ട് അധ്യക്ഷതവഹിച്ചു. ജോമോൻ ചെറുശ്ശേരി, ജെയ്ക്കബ് ചെങ്ങലായ്, ബേബി മൂക്കൻ, മേഴ്സി ബാബു, സി. ജെ. ജോൺ എന്നിവർ പ്രസംഗിച്ചു. ശില്പ ശാല ക്കു നേതൃത്വം നല്കുന്ന അവാർഡ് ജേതാവുകൂടിയായ നൃത്ത ദ്ധ്യാപിക സൂസൻ പോളിയെ പൊന്നാട ചാർത്തി അനുമോദിച്ചു. തുടർന്ന് ക്ളാസുകൾ ആരംഭിച്ചു. അമ്പതോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്.

അമ്മു എന്ന ആട്ടിൻകുട്ടിയെ സമ്മാനിച്ച് സ്റ്റൈജു മാസ്റ്റർ

വെസ്റ്റ് മങ്ങാട് : മേരിക്കുണ്ടൊരു കുഞ്ഞാട് മേനി വെളുത്തൊരു കുഞ്ഞാട് എന്ന പഴയ പാഠപുസ്തകത്തിലെ പാടിപ്പതിഞ്ഞ പദ്യ ഈരടികൾ ഓർത്തുകൊണ്ട് കറുപ്പ് -വെളുപ്പ് നിറങ്ങൾ ചർച്ച ചെയ്യുന്ന ഈ കാലഘട്ടത്തിൽ ദേവികൃഷ്ണയ്ക്ക് കളിക്കൂട്ടുകാരിയായി അമ്മു എന്ന ആട്ടിൻകുട്ടിയെ സമ്മാനിച്ച് സ്റ്റൈജു മാസ്റ്റർ.

ന്നിവർ പ്രസംഗിച്ചു.

ജെറോം ജസ്റ്റിൻ സ്വാഗതവും അവധിക്കാലത്ത് ഓമനിക്കാൻ കിട്ടിയ ആട്ടിൻകുട്ടിയെ ഹൃദയത്തോട് ചേർത്തുപിടിച്ച് ദേവികൃഷ്ണ ടി വി ഏവർക്കും നന്ദിയും രേഖപ്പെടുത്തി ചൂണ്ടൽ സ്വദേശികളായ മണി, ലളിത എന്നീ ദമ്പതികൾ വളർത്തുന്ന ആട്ടിൻ കൂട്ടത്തിലെ കറുപ്പും വെളുപ്പും നിറമണിഞ്ഞ അമ്മു